പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 20, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**59 (*451) നികുതി പിരിവ്**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, 2011 മേയ് മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ തനത് നികുതിയിനത്തിൽ 8167.25 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്നും നികുതി പിരിവ് അതിന്റെ സാധ്യതയ്ക്കനുസൃത മായിത്തന്നെ നടക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പെട്രോളിയം ഉൽപ്പന്ന ങ്ങളുടെ നികുതി വരുമാനം ഒഴിവാക്കിയിട്ടും മുൻവർഷം ഇതേ കാലയള വിലുള്ളതിനേക്കാൾ നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്ട്രീറ്റ് സർവ്വേയുടെ ഭാഗമായി 4329 കടകൾ പരിശോധിക്കുകയും 3955 നികുതി വെട്ടിപ്പ് കേസ്സുകളെടുക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വരു ന്നതോടുകൂടി സർവ്വീസ് ടാക്സ് പിരിക്കുന്നതിന്റെ പ്രയോജനം സംസ്ഥാന ങ്ങൾക്ക് ലഭിക്കുകയും അതുവഴി നികുതി വരുമാനം വർദ്ധിക്കുകയും ചെയ്യും. നികുതി പിരിവിന് ആംനസ്റ്റി സ്കീം പുന:സ്ഥാപിക്കുന്ന കാര്യം

പരിശോധിക്കുന്നതാണ്. ചെക്ക്പോസ്റ്റുകൾ നവീകരിക്കുകയും ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുകയും ചെയ്തതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചീഫ് ജസ്റ്റിസുമായി അഡ്വക്കേറ്റ് ജനറൽ ചർച്ച നടത്തി, ഓരോ ദിവസവും പ്രത്യേക സമയം നിശ്ചയിച്ച്, നികുതിയുമായി ബന്ധപ്പെട്ട് കോടതികളിലുള്ള കേസ്സുകളിൽ തീർപ്പ് കല്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്ക് വാഹനങ്ങൾ അമരവിള മെയിൻ ചെക്ക്പോസ്റ്റ്വഴി കടത്തിവിടുന്നതിനും അവിടത്തെ ടോൾ ഗേറ്റിന് സമീപമുള്ള എയർകണ്ടീഷൻഡ് കണ്ടെയ്നർ ക്യാബിൻ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**60 (*452 & *457) ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ**

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിട്ടുള്ള പ്രമാണങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോജക്ടിൽ (എൻ.എൽ.ആർ.എം.പി.) ഉൾപ്പെടുത്തി ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ പൈലറ്റ് പ്രോജക്ടായി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്നും 64.40 ലക്ഷം രൂപ ചെലവ് വരുന്ന ഈ പ്രോജക്ട് ഭരണാനുമതിക്കായി റവന്യൂ വകുപ്പിന് സമർപ്പിക്കുകയും വിജയകരമാണെന്നു

കണ്ടാൽ മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കൊട്ടാരക്കര സബ് രജിസ്ട്രാർ ഓഫീസിലുണ്ടായ തീപിടുത്തത്തിൽ കത്തിനശിച്ച രേഖകൾ പുനർനിർമ്മിക്കുന്നതിന് C-DIT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നഷ്ടപ്പെട്ടുപോയ രേഖകളുടെ ഉടമസ്ഥരെ കണ്ടെത്തി അവരുടെ കൈവശമുള്ള രേഖകളുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം ഔദ്യോഗിക രേഖയായി കണക്കാക്കാനാണ് ഉദ്ദേശിക്കുന്നത്. ആധാരങ്ങൾ സ്കാൻ ചെയ്ത് അതിവേഗ കംപ്യൂട്ടറുകളിൽ സംഭരിച്ച് നിലവിലുള്ള ഡാറ്റായുമായി സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനരീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധാരത്തിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് രജിസ്ട്രാർക്ക് അധികാരം നൽകുന്ന തരത്തിൽ കേന്ദ്ര രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്. ഡിജിറ്റൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി രജിസ്ട്രാർ ഓഫീസുകളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നും നിലവിലുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ നവീകരിക്കുന്നതോടൊപ്പം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾ അതാതു സ്ഥലത്തെ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. വ്യക്തികൾക്ക് സ്വയം രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനമാണ് കേന്ദ്ര നിയമത്തിലൂടെ വിഭാവനം ചെയ്യുന്നത്; എന്നാൽ ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷണം മുൻനിർത്തിയാണ് സംസ്ഥാനത്ത് ഇപ്പോൾ ഈ സംവിധാനം നടപ്പാക്കാത്തതെന്നും രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ സർട്ടിഫി

ക്കറ്റുകൾ നൽകാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ഇന്റർനെറ്റിലൂടെ വില്ലേജ് ഓഫീസുകളിൽ രേഖകൾ പരിശോധിച്ച് പോക്കുവരവ് ചെയ്യുന്ന സംവിധാനവുമാണ് ആദ്യഘട്ടമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. വ്യാജ രജിസ്ട്രേഷൻ തടയുന്നതിന് ഐ-ലിഡ് ഇംപ്രഷൻ സംവിധാനം കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും രജിസ്ട്രേഷനുശേഷം പോക്കുവരവ് ചെയ്യുന്ന തിന് അനുവദിച്ചിട്ടുള്ള 30 ദിവസത്തെ സമയപരിധി കുറയ്ക്കുന്നതിനെക്കു റിച്ച് പരിശോധിക്കുന്നതാണെന്നും ഡാറ്റാ ബാങ്ക് പ്രിന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മൂന്നാറിലെ ടാറ്റയുടെ ഭൂമിയിൽ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും മിച്ചഭൂമി സർക്കാർ ഏറ്റെടുക്കുമെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

**61 (*453) <u>കണ്ണൂർ വിമാനത്താവളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, 2014-ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന കണ്ണൂർ വിമാനത്താവള പദ്ധതിക്കുവേണ്ടി Runway, Taxi track, Apron, Terminal Building, Air Traffic Control Tower, Technical Block, Fire Station, ഇലക്ട്രിക് സബ് സ്റ്റേഷൻ, വാട്ടർ സപ്ലൈ, അനുബന്ധ റോഡുകൾ, ചുറ്റുമതിൽ തുടങ്ങിയ സൗകര്യങ്ങൾ ആവശ്യമാണെന്ന് സഭയെ അറിയിച്ചു. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യം വികസി പ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ-മട്ടന്നൂർ, തലശ്ശേരി-കുടക്, തലശ്ശേരി - ഇരിക്കൂർ, തളിപ്പറമ്പ്-ധർമ്മശാല-പറശ്ശനിക്കടവ്-കിരങ്കൽക്കുഴി-മയ്യിൽ-

കോളോളം-ചാലോട്, കർണ്ണാടക ബോർഡർ -മട്ടന്നൂർ, വയനാട്-മട്ടന്നൂർ, തലശ്ശേരി-നാദാപുരം, തലശ്ശേരി മാഹി ബൈപ്പാസ് എന്നീ റോഡുകൾ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ-മട്ടന്നൂർ റോഡിനുപകരമായി നിർമ്മിക്കുന്ന ഗ്രീൻ ഫീൽഡ് റോഡിന്റെ നിർമ്മാണത്തിന് 361 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം വിമാനത്താവള ബോർഡ് പുന:സംഘടിപ്പിക്കുകയും പ്രോജക്ട് റിപ്പോർട്ട്, പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയെയും പരിസ്ഥിതി പഠനത്തിനായി സെസ്സിനെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കൽ ഏകോപിപ്പിക്കുന്ന ഏജൻസി കിൻഫ്രയാണ്. ഒന്നാം ഘട്ടമായി കണ്ണൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 192.18 ഏക്കർ ഭൂമിയും രണ്ടാം ഘട്ടമായി കിൻഫ്രയുടെ നേതൃത്വത്തിൽ 1085.60 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. മൂന്നാം ഘട്ടമായി 783 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഗവൺമെന്റ് ഗ്യാരന്റിയിൽ കിൻഫ്ര ഏറ്റെടുത്ത ഭൂമി കൈമാറുന്നതിന് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടെന്നും ഉടൻതന്നെ ഭൂമി കൈമാറാൻ സാധിക്കുന്നതാണെന്നും ഏറ്റെടുത്ത ഭൂമിയിൽ ഒരു ഭാഗത്തെ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിൽനിന്ന് എസ്റ്റിമേറ്റ് കിട്ടുന്ന മുറയ്ക്ക് ചുറ്റുമതിലിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും കടം, പലിശ എന്നിവയ്ക്കുമായി 650 കോടി രൂപയും ജലവിതരണത്തിനായി 40 കോടി രൂപയും ആവശ്യമുണ്ട്. ജലവിതരണത്തിനുവേണ്ടി വിശദമായ എൻജിനീയറിംഗ്

റിപ്പോർട്ട് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റിയെ നിയോഗിച്ച് അഡ്വാൻസ് തുക നൽകുകയും ഇലക്ട്രിക് സബ്സ്റ്റേഷന്റെ ജോലി കെ.എസ്.ഇ.ബി. ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിനായി 35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 2010-11-ൽ 34.06 കോടി രൂപയും പലിശ, ഗ്യാരന്റി, കമ്മീഷൻ എന്നീ ഇനങ്ങളിൽ ഈ വർഷം 11.81 കോടി രൂപയും 'കിയാലി'ന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഷെയർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും കോഴിക്കോട് വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പുമന്ത്രി കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**62 (*454) <u>ജി.എസ്.ടി</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജി.എസ്.ടി. നടപ്പിലാക്കുന്നതിനാവശ്യമായ ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നും അത് നടപ്പിലായാൽ മാത്രമേ ജി.എസ്.ടി. നടപ്പാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം സാദ്ധ്യമാകുകയുള്ളൂവെന്നും സഭയെ അറിയിച്ചു. മറ്റു സംസ്ഥാനങ്ങൾ ജി.എസ്.ടി. നടപ്പിലാക്കുന്നത് സംബന്ധിച്ച് അവലോകനം നടത്തിയതിനുശേഷമേ അവശ്യ സാധനങ്ങളുടെ വിലനിലവാരത്തെയും കയറ്റുമതി ഉല്പന്നങ്ങളേയും ഈ സമ്പ്രദായം എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ. ജി.എസ്.ടി. നടപ്പാക്കുന്നതോടുകൂടി പിരിച്ചെടു

ക്കുന്ന നികുതി സംസ്ഥാനത്തിന് തന്നെ സ്വായത്തമാകുന്നതാണെന്ന് ഉപ ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4434 മുതൽ 4718 വരെയുള്ള ചോദ്യങ്ങളിൽ 158 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)